145

‘My hope is built’

1 എൻ നീതിയും വിശുദ്ധിയും എൻ യേശുവും തൻരക്തവും
വേറില്ല ആത്മശരണം വേറില്ല പാപഹരണം

എൻ യേശു എൻ ഇമ്മാനുവേൽ
ഞാൻ നിൽക്കുന്നതീ പാറമേൽ

2 വ്യർഥാവിൽ സ്വയനീതികൾ വ്യർഥാവിൽ ചത്ത രീതികൾ
ദൈവത്തിൻ മുമ്പിൽ നിൽക്കുവാൻ
രക്തത്താലത്രേ പ്രാപ്തൻ ഞാൻ

3 ഈ രക്തത്തിലെൻ ഹൃദയം ഹിമത്തെക്കാളും നിർമ്മലം
എന്നുരയ്ക്കുന്ന വചനം തീർക്കുന്നു സർവ്വ സംശയം-

4 ആരെന്നെ കുറ്റം ചുമത്തും ആർ ശിക്ഷയ്ക്കെന്നെ വിധിക്കും
ഞാൻ ദൈവനീതി ആകുവാൻ പാപമായ് തീർന്നെൻ രക്ഷകൻ-

5 സംഹാരദൂതൻ അടുത്താൽ ഈ രക്തം
എൻമേൽ കാൺകയാൽ
താൻ കടന്നുപോം ഉടനെ നിൻവീടു ദൈവസുതനേ-

6 വൻമഴ പെയ്യും നേരത്തും ഞാൻ നിർഭയമായിരിക്കും
കാറ്റടിച്ചാലും ഉച്ചത്തിൽ പാടിടും ഞാൻ എൻ കോട്ടയിൽ-

7 വീണാലും പർവ്വതങ്ങളും മാഞ്ഞാലും ആകാശങ്ങളും
ക്രിസ്തുവിൻ രക്തനിയമം മാറാതെ നിൽക്കും നിശ്ചയം- **V.N.**